2026 World Day of the Sick Feb-11



# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 12 Issue 2 February 2026



# ഉള്ളടക്കം

CONTENT


Welcome TO JUBILEE FAMILY 12

THANK YOU 13

DOCTOR'S CORNER OBSERVATION UNITS: THE MISSING LINK BETWEEN THE EMERGENCY DEPARTMENT AND INPATIENT WARDS 14

ഹൃദയം മനോഹരമായ സമ്മാനം .................................... 01

മെഡിക്കൽ എഡ്യൂക്കേഷൻ എക്സലൻസ്
ദേശീയ അവാർഡ് ജൂബിലി മിഷന് ..................................03

റിപ്പബ്ലിക്ക് ദിനം ആഘോഷിച്ചു .......................................04

ജൂബിലിയിൽ ഒബ്സ്റ്റെട്രിക്
ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് ....................................06

കൗൺസിലർമാർക്ക് സമ്മാനം
ജൂബിലി മിഷന്റെ "കെയർ കാർഡ്"...............................08

ലബോറട്ടറി അനിമൽ
എക്സ്പെരിമെന്റ്ഷൻ ശില്പശാല...................................09

ഡോ. കെ. പദ്മകുമാറിന് ദേശീയ അംഗീകാരം...............11

നേഴ്സിങ്ങ് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ .......18

നേത്രരോഗങ്ങൾ : കാരണങ്ങളും പരിഹാരവും
ആയുർവേദത്തിൽ ..........................................................20

RESEARCH WINGS JOURNAL CLUB 17

നമുക്കിടയിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ പുതിയ ഡയാലിസിസ് മെഷീനുകൾ 19



# ഹൃദയം

## മനോഹരമായ

# സമ്മാനം

ഫെബ്രുവരിയുടെ ഒരു പ്രധാനപ്പെട്ട ആഘോഷമാണല്ലോ വാലന്റൈൻസ് ഡേ. ആ ദിനത്തിൽ നാം പ്രത്യേകമായി കാണുക എപ്പോഴും സ്നേഹത്തിന്റെ പ്രതികമായ ഹൃദയമാണ്. ആരോഗ്യ മേഖലയിൽ ഹൃദയം എന്ന് പറയുമ്പോൾ ഹൃദയമെന്ന അവയവമാണ് ആണ് ഉദ്ദേശിക്കുന്നതെങ്കിൽ പൊതുവേ ഹൃദയം സ്നേഹത്തിന്റെ പ്രതീകമാണ്: മനുഷ്യ ശരീരത്തിൽ എവിടെയാണെന്നോ എങ്ങനെയാണെന്നോ പറയാൻ സാധിക്കാത്ത ഒരു അവിഭക്ത ഭാഗം.

വാലന്റൈൻസ് ഡേ സ്നേഹത്തിന്റെ ആഘോഷമാണ്. എന്നാൽ ഒരു ആശുപത്രിക്ക് സ്നേഹം ഒരു ദിനാഘോഷമല്ല.

അത് ഓരോ ദിവസവും ഹൃദയമിടിപ്പിനൊപ്പം ഒഴുകുന്ന ഒരു പ്രതിബദ്ധതയാണ്. സ്നേഹം തന്നെയാണ് ചികിത്സയുടെ ഏറ്റവും ശക്തമായ ഔഷധം എന്ന് നാം ദിവസേന അനുഭവിക്കുന്നു.

ഹൃദയം മനുഷ്യശരീരത്തിലെ അത്ഭുതകരമായ അവയവമാണ്. നിരന്തരം മിടിച്ചുകൊണ്ട് ജീവനെ മുന്നോട്ട് കൊണ്ടുപോകുന്ന ഈ ഹൃദയം പോലെ തന്നെയാണ് കരുതലും സ്നേഹവും - കാണാതെ, ശബ്ദമില്ലാതെ, പക്ഷേ അത്യാവശ്യമായി പ്രവർത്തിക്കുന്നത്. ഒരു രോഗിയുടെ വേദന മനസ്സിലാക്കുന്ന ഒരു സ്പർശം, ആശ്വാസം നൽകുന്ന ഒരു വാക്ക്, പ്രതീക്ഷ നിറക്കുന്ന ഒരു പുഞ്ചിരി - ഇതെല്ലാം ചികിത്സയുടെ ഭാഗമാണ്.



ഈ സ്നേഹദിനത്തിൽ, മറ്റുള്ളവരോടുള്ള സ്നേഹത്തിൽ മിടിക്കുന്ന ഹൃദയങ്ങളാണ് ഏറ്റവും മനോഹരമായ സമ്മാനം. സ്നേഹം പങ്കുവെക്കൂ, ആരോഗ്യം സംരക്ഷിക്കൂ - കാരണം സ്നേഹത്തോടെ മിടിക്കുന്ന ഒരു ഹൃദയം തന്നെയാണ് യഥാർത്ഥ ജീവിതത്തിന്റെ താളം.

**ഫാ. ജിജോ മാളിയേക്കൽ**
ഫിനാൻസ് അസിസ്റ്റന്റ്
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ



# മെഡിക്കൽ എഡ്യൂക്കേഷൻ എക്സലൻസ് ദേശീയ അവാർഡ് ജൂബിലി മിഷന്

മെഡിക്കൽ വിദ്യഭ്യാസരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള 2026-ലെ ദേശീയതല AHPI (അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്) അവാർഡ് ഫോർ എക്സലൻസ് ഇൻ മെഡിക്കൽ എഡ്യൂക്കേഷൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. ആരോഗ്യ-സേവന രംഗത്തെ ഇന്ത്യയിലെ ഏറ്റവും വലിയ സംഘടനയാണ് AHPI. ഗുണമേന്മയുള്ള മെഡിക്കൽ വിദ്യഭ്യാസം, മൂല്യാധിഷ്ഠിത പഠനം, കരുണാപൂർണമായ ആരോഗ്യപരിചരണം എന്നിവയിൽ ജൂബിലി മിഷൻ കൈവരിച്ച സ്ഥിരതയാർന്ന നേട്ടങ്ങൾക്കുള്ള അംഗീകാരമായാണ് ഈ പുരസ്ക്കാരം നൽകിയത്. AHPIയുടെ ഡയറക്ടർ ജനറൽ ശ്രീ. ഗിരിധർ ഗ്യാനി പുരസ്ക്കാരം സമ്മാനിച്ചു. ജൂബിലി മിഷനെ പ്രതിനിധീകരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. ഈ നേട്ടത്തിന് ആശുപത്രി അധികൃതർ പ്രിൻസിപ്പാളിനും അധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ നേർന്നു. സമൂഹത്തിന് ഗുണമേന്മയുള്ള വിദ്യഭ്യാസവും ആരോഗ്യസേവനവും നൽകുന്നതിനുള്ള സ്ഥാപനത്തിന്റെ ദൗത്യത്തിന് ഈ അംഗീകാരം കൂടുതൽ പ്രചോദനമാകുമെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പറഞ്ഞു.



# റിപ്പബ്ലിക്ക് ദിനം ആഘോഷിച്ചു

ഇന്ത്യ സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയതിന്റെ എഴുപത്തിഏഴാം വാർഷികം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരി 26 ന് ആഘോഷിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പതാക ഉയർത്തി. വിശിഷ്ടാതിഥികളും മെഡിക്കൽ കോളേജ് വിദ്യാർത്ഥികളും






സെക്യൂരിറ്റി സ്റ്റാഫും സല്യൂട്ട് നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ് ഡയറക്ടറുമാരായ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, ഫാ. ടെറിൻ മുള്ളകര, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം.എ ആൻഡ്രൂസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി കള്ളിവളപ്പിൽ, സെക്യൂരിറ്റി ഓഫീസർ വിൽസൺ പി ജെ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം.എ ആൻഡ്രൂസ് റിപ്പബ്ലിക്ക് ദിന സന്ദേശം നൽകി. ദേശീയഗാനത്തോടുകൂടി റിപ്പബ്ലിക്ക് ദിന പരിപാടികൾ സമാപിച്ചു.



# ഒബ്സ്റ്റട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ്

തൃശ്ശൂർ ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജി സൊസൈറ്റിയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, എമർജൻസി മെഡിസിൻ, അനസ്തേഷ്യ, ക്രിട്ടിക്കൽ കെയർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളും സംയുക്തമായി ഒബ്സ്റ്റട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

ജൂബിലി ഹാളിൽ നടന്ന പരിപാടിയിൽ തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ചടങ്ങ് ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, പ്രിൻസിപ്പാൾ ഡോ. എം.എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ഡോ. സറീന ഗിൽവാസ്, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. എം. ബിന്ദു, ടോഗ്സ് പ്രസിഡണ്ട് ഡോ. നീത, സെക്രട്ടറി ഡോ രേഷ്മി സി. ആർ. എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ഡോ. ബിന്ദു എം. സ്വാഗതവും ഡോ. നീത ജോർജ്ജ് നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന ശിൽപശാലയിൽ ഗർഭകാലത്തും പ്രസവസമയത്തും അതീവ ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ആവശ്യമായ അടിയന്തര ചികിത്സാരീതികളും ക്രിട്ടിക്കൽ കെയർ മാനേജ്മെന്റും നൽകേണ്ട രീതികളെക്കുറിച്ച് വിശദീകരിച്ചു. ഡോ. രമേഷ് ഭാസ്ക്കരൻ, ഡോ. രാജീവ്, ഡോ. ഡിയോ, ഡോ. ജോൺ പോൾ, ഡോ. സെബാസ്റ്റ്യൻ, ഡോ. സുഗത, ഡോ. അപർണ, ഡോ. വിജിൽ എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി.

പരിപാടിയിൽ ഡോ. സെറീന ഗിൽവാസ്, ഡോ. ലോല രാമചന്ദ്രൻ, ഡോ. അശ്വത് കുമാർ, ഡോ. നിഷി, ഡോ. സുനിത, ഡോ. ഗീത, ഡോ. സപ്ന, ഡോ. വാസന്തി, ഡോ. ദീപ്തി, ഡോ. മെറിൻ, ഡോ. ലക്ഷ്മി, ഡോ. ഹെന്ന, ഡോ. അജീന, ഡോ. റോസ്, ഡോ. വിനായക് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു. ഗർഭകാലത്തും പ്രസവസമയത്തും ഗർഭിണികൾ നേരിടുന്ന അടിയന്തര സാഹചര്യങ്ങളിൽ ഏകോപിതമായ ചികിത്സ ഉറപ്പാക്കുന്നതിനും മെഡിക്കൽ ടീമുകളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും സഹായകമായ ശിൽപശാലയായിരുന്നു ഇത്.






NABH 6-ാം എഡിഷൻ ഹോസ്പിറ്റൽ അസസ്സർ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ **ശ്രീമതി സൊഫിയ ജോസഫിന്** ജൂബിലി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ

**അഭിനന്ദനങ്ങൾ.**



# കൗൺസിലർമാർക്ക് സമ്മാനം : ജൂബിലി മിഷന്റെ "കെയർ കാർഡ്"

തൃശൂർ കോർപ്പറേഷനിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരെ ആദരിക്കുന്നതിനായി തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി എല്ലാ കൗൺസിലർമാർക്കും "ജൂബിലി കെയർ കാർഡ്" സമ്മാനിച്ചു. ഈ കാർഡിന്റെ സഹായത്തോടെ കൗൺസിലർമാർ ജൂബിലി മിഷൻ ആശുപത്രിയിലേക്ക് ശുപാർശ ചെയ്തയക്കുന്ന രോഗികൾക്ക് ചികിത്സാചിലവിൽ 30 ശതമാനം വരെ ഇളവ് ലഭിക്കുന്നതാണ്. വാർഡ് ഉപയോഗിക്കുന്ന രോഗികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, മേയർ ഡോ. നിജി ജസ്റ്റിന് "ജൂബിലി കെയർ കാർഡ്" ഔപചാരികമായി കൈമാറി. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു. ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വികാരി ജനറൽമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യപ്രതിബദ്ധതയുടേയും കാരുണ്യപരമായ ആരോഗ്യപരിചരണത്തിന്റേയും 75 വർഷം തികയുന്നതിന്റെ ഭാഗമായി നടത്തുന്ന 75 പൊതുജനക്ഷേമ പരിപാടികളിൽ ഉൾപ്പെട്ടതാണ് ഈ പദ്ധതിയെന്ന് ഡയറക്ടർ അറിയിച്ചു.



# ലബോറട്ടറി അനിമൽ എക്സ്പെരിമെന്റേഷൻ ശില്പശാല

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് (JCMR), സ്മാൾ അനിമൽ റിസർച്ച് ഫെസിലിറ്റിയുമായി (SARF) ചേർന്ന് 2025 ഡിസംബർ 19, 20 തീയ്യതികളിൽ ലബോറട്ടറി അനിമൽ എക്സ്പെരിമെന്റേഷൻ എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ശില്പശാല നടത്തി. കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മഹാത്മാ ഗാന്ധി സർവകലാശാല, NIT കാലിക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 14 ഗവേഷകർ, അധ്യാപകർ എന്നിവർക്കായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

പരീക്ഷണ മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന്റെ അടിസ്ഥാന തത്വങ്ങൾ, ധാർമിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെ കുറിച്ചുള്ള ക്ലാസുകൾ ഈ ശില്പശാലയിൽ ഉൾപ്പെട്ടിരിക്കുന്നു. ഡോ. രമ്യ ചന്ദ്രന്റെ നേതൃത്വത്തിൽ നടന്ന ഈ ശില്പശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം.എ. ആൻഡ്രൂസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ശില്പശാലക്കായി പ്രത്യേകം തയ്യാറാക്കിയ പരിശീലന മാനുവൽ അദ്ദേഹം

പ്രകാശനം ചെയ്യുകയും അനിമൽ ഹൗസ് വകുപ്പ് മേധാവി ഡോ. സി. ബി. ദേവാനന്ദിനു കൈമാറുകയും ചെയ്തു. ഡോ. പി. ആർ. വർഗീസ് സ്വാഗത പ്രസംഗം നടത്തി. ഡോ. ബിബു ജോൺ, ഡോ. ലീന ചന്ദ്രശേഖർ (ഇരുവരും വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, തൃശൂർ), ഡോ. സി. ബി. ദേവാനന്ദ്, ഡോ. രമ്യ ചന്ദ്രൻ, ശ്രീമതി മൃദുല വെല്ലൂർ (JCMR) എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. ശില്പശാലയുടെ സമാപനത്തിൽ ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, പങ്കെടുത്ത വർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് വിഭാഗത്തിലെ ഹൗസ്കീപ്പിങ്ങ് സ്റ്റാഫായ **ശ്രീമതി ജോസ്ഫീന ജോസിന്** യാത്രാമംഗളങ്ങൾ

സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന മെഡിക്കൽ റെക്കോർഡ്സ് വിഭാഗത്തിലെ അറ്റൻഡന്റ് സ്റ്റാഫായ **ശ്രീമതി ലൂസി ഡേവിസിന്** യാത്രാമംഗളങ്ങൾ





സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ കുടുംബത്തോട് യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് വിഭാഗത്തിലെ ഹൗസ്കീപ്പിങ്ങ് സ്റ്റാഫായ **ശ്രീമതി ഫിലോമിനയ്ക്ക്** യാത്രാമംഗളങ്ങൾ

## നന്ദിയോടെ....



ജൂബിലി മിഷൻ ആശുപത്രിയുടെ മുഖപത്രമായ ജൂബിലറ്റിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമായി കഴിഞ്ഞ ആറ് മാസം സേവനമനുഷ്ഠിച്ച **മിസ് മറിയം എലിസബത്തിനു** (HR Dept.) നന്ദിയുടെ നറുമലരുകളും യാത്രാമംഗളങ്ങളും ആശംസിക്കുന്നു.



# ഡോ. കെ. പദ്മകുമാറിന് ദേശീയ അംഗീകാരം

തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫോറൻസിക് മെഡിസിൻ വിഭാഗം മേധാവിയും, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പലുമായ ഡോ. കെ. പദ്മ കുമാറിനു ദേശീയ തലത്തിലുള്ള അംഗീകാരം, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ അദ്ദേഹത്തിന് പ്രൊഫസർ ശ്രീധർ ശർമ നാഷണൽ ഓറേഷൻ അവാർഡ് സമ്മാനിച്ചു.

അഹമ്മദാബാദിൽ നടന്ന IMA ദേശീയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചടങ്ങിലാണ് പുരസ്കാരം വിതരണം ചെയ്തത്. ഫോറൻസിക് മെഡിസിൻ മേഖലയിലെ അധ്യാപന, ഗവേഷണ, അക്കാദമിക് സംഭാവനകൾ പരിഗണിച്ചാണ് ഡോ. പദ്മകുമാറിനെ ഈ അഭിമാനകരമായ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. ഈ നേട്ടം ജൂബിലി മിഷൻ മെഡിക്കൽ കോളേജിനും സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്കും അഭിമാനകരമാണെന്ന് ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു. ഡോ. പദ്മകുമാറിനെ സഹപ്രവർത്തകരും വിദ്യാർത്ഥികളും അഭിനന്ദനങ്ങൾ അറിയിച്ചു.

# സ്വാഗതം
# ജൂബിലി കുടുംബത്തിലേയ്ക്ക്



**Fr. Frinto Kizhakkekannanchira**
Asst.Director, JMMC & RI



**Fr. Paul Maliyammavu**
Member, Pastoral Care Team,JMMC & RI

# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Irene Rose A | Paediatrics |
| Dr. Roopa Mary Thomas | General Medicine |
| Dr. Rakhi Krishna A | Microbiology |
| Dr. Reshmi Francis Vadakkan | Urology |
| Dr. Nadir | Plastic Surgery |
| Dr. Irin Vincent | Cardiac Surgery |
| Dr. Franco Johny V | Community Medicine |
| Mrs. Nithya Sani | HRD |
| Mrs. Shermila P Pramod | Medical Records |
| Mrs. Deepa M S | JMCON |
| Mrs. Ancy Xavier | JMCON |
| Mrs. Rinu Sakkariya | JMCON |
| Mrs. Sofia Joseph K | JMCON |
| Mrs. Athulya V S | JMCON |
| Ms. Liya S | JMCON |
| Ms.Greeshma John C | JMCON |
| Mr. Aswin C S | Biomedical |
| Mr. Melvin Joseph C O | Maintenance |
| Mr. Akhil Babu | Canteen |




അപ്പൻഡിസൈറ്റിസ് രോഗാവസ്ഥയെ തുടർന്ന് ഏകദേശം 10 ദിവസത്തോളം ഞാൻ ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. എനിക്ക് ലഭിച്ച ചികിത്സയിലും പരിചരണത്തിലും ഞാൻ അതീവ സംതൃപ്തനാണ്. എന്റെ ചികിത്സ കാലയളവിൽ മികച്ച സമീപനവും ഉയർന്ന പ്രൊഫഷണലിസവും സമർപ്പിത സേവനവും നൽകിയതിന് ഡോ. ആൽഫിയോട് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. നഴ്സിംഗ് സ്റ്റാഫും ജൂനിയർ ഡോക്ടർമാരും എല്ലാ ഘട്ടങ്ങളിലും സൗഹൃദപരമായും കരുതലോടെയും പിന്തുണയോടെയും പെരുമാറി.

Together,
We are the
Patient Experience !

ആശുപത്രിയിൽ പ്രവേശനം മുതൽ ചികിത്സയും ശസ്ത്രക്രിയാനന്തര പരിചരണവും വരെ എല്ലാ നടപടികളും സുതാര്യമായും കാര്യക്ഷമമായും നടപ്പിലാക്കി. എന്റെ ആശുപത്രിവാസകാലം മുഴുവൻ മെഡിക്കൽ ടീം എന്നെ ആത്മവിശ്വാസത്തോടെയും പരിചരിച്ചു.

മികച്ച സേവനം നൽകിയ മുഴുവൻ ആശുപത്രി ടീമിന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.




# OBSERVATION UNITS:

## THE MISSING LINK BETWEEN THE EMERGENCY DEPARTMENT AND INPATIENT WARDS

Emergency Departments (EDs) across the world are under growing pressure from overcrowding, prolonged length of stay, delayed admissions and increasing patient dissatisfaction. These challenges are largely driven by output failure-the inability to move patients efficiently from the ED to appropriate next levels of care. In this context, Observation Units (OUs) have emerged as a practical, high-impact solution that bridges the gap between the ED and inpatient wards.

An Observation Unit is a dedicated, protocol-driven area and staff, designed for short-term monitoring, reassessment and time-limited treatment-typically for 6 to 24 hours. Its purpose

is not to delay admission or function as a ward extension, but to safely clarify disposition decisions.

Many ED presentations fall into a clinical "grey zone," where patients are not sick enough to require admission but are not ready for immediate discharge. Examples include low-to-intermediate risk chest pain, syncope, minor head injury, early sepsis workup, snakebite without envenomation, poisoning, and undifferentiated abdominal pain.

From an ED operations perspective, OUs significantly improve patient flow and turnaround time (TAT). By offloading stable patients who require observation, ED beds are freed for high-acuity cases, reducing waiting times and crowding. Observation units allow parallel processes-monitoring, investigations and treatment trials-rather than prolonged ED boarding. This structured approach enables safer, more deliberate decision-making without the pressure of ED congestion. The patient and bystanders will also have the feeling of being cared in a definite area rather than being withheld in the ED.

Clinical safety is one of the strongest advantages of observation units. Serial examinations, vital sign monitoring, repeat laboratory tests and imaging can be conducted in a controlled environment, allowing early identification of deterioration while avoiding unnecessary admissions. Evidence consistently shows that effective OUs reduce inpatient admissions without increasing adverse outcomes.

Observation units also support shared decision-making (SDM), an increasingly important aspect of modern emergency care. Patients and families are more accepting of uncertainty when observation is framed as a planned and proactive step. This improves patient satisfaction, enhances trust and strengthens medicolegal protection when decisions are clearly documented.

From a system and hospital perspective, OUs offer substantial benefits: reduced inpatient bed occupancy, lower costs, shorter lengths of stay, and more efficient use of resources. In the Indian healthcare context-characterised by high patient volumes and limited inpatient capacity-observation units represent a cost-effective strategy with significant returns in efficiency and quality of care.




For observation units to succeed, clear protocols, defined inclusion criteria, dedicated staff and strict decision timelines are essential. Without these, OUs risk becoming holding areas rather than decision units.

As emergency medicine evolves, the emphasis is shifting from faster admissions or earlier discharges to better, safer decisions. Observation Units embody this shift. They are no longer optional adjuncts but essential components of modern emergency care-improving turnaround time, patient safety and system resilience.

"The goal is not to admit faster or discharge earlier-but to decide better."

**Dr. Deo Mathew**

Assistant Professor, Emergency Medicine



# JOURNAL CLUB

RESEARCH WINGS



JCMR organised the 90th Journal club meeting on 21st January, Wednesday, 2026 at New CCM hall. The speaker on the occasion was Dr. Sr Betsy Thomas, Assistant Professor, Department of PMR. The topic was based on an article titled "Evaluating the Impact of Virtual Reality on Cognitive Recovery in Stroke Patients: A Comparative Single-centered study in the Indian Context. Indian Journal of Physical Medicine & Rehabilitation. 2025 Jan 1;35(1):1-6 (Sanyal Kumar et.al). The article analysed the importance of Virtual Reality [VR] treatment in improving cognitive performance in post stroke events. Dr Kurian Alappatt and Dr Aparna Rajeev participated in the discussion. Dr P R Varghese welcomed the gathering and Dr Mathew John delivered vote of thanks.




# നേഴ്സിങ്ങ് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ ചടങ്ങ്

ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ 23-ാം ബാച്ചിലെ ബി.എസ്.സി നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 61-ാം ബാച്ചിലെ ജനറൽ നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും രോഗീപരിചരണത്തിന് മുമ്പുള്ള ദീപം തെളിയിക്കൽ ചടങ്ങ് നടന്നു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ഗവൺമെന്റ് നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. റീന എം. തങ്കരാജ് മുഖ്യപ്രഭാഷണം നടത്തി. ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ജൂബിലി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി. നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിൻ, വൈസ് പ്രിൻസിപ്പാളുമാരായ ഡോ. സി. ട്രീസ ആന്റോ, സിജി ജോസ്, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ. നേഴ്സിങ്ങ് കോളേജ് പി.ടി.എ. പ്രസിഡണ്ട് ഡോ. വിജു എം. ജെ. എന്നിവർ പങ്കെടുത്തു.




# സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ പുതിയ
# ഡയാലിസിസ് മെഷീനുകൾ

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മൂന്ന് പുതിയ ഡയാലിസിസ് മെഷീനുകളുടെ കമ്മീഷനിങ്ങും അനുഗ്രഹവും നടത്തി. രോഗികൾക്ക് കൂടുതൽ മികച്ച ചികിത്സാസൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കിയത്. ഈ പദ്ധതിക്ക് ഉദാരമായ സാമ്പത്തിക സഹായം നൽകിയത് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി (എസ്.എസ്.വി.പി) യുടെ തൃശ്ശൂർ വെസ്റ്റ്, തൃശ്ശൂർ ഈസ്റ്റ്, പുത്തൂർ ഏരിയ കൗൺസിലുകളാണ്.

തൃശ്ശൂർ അതിരൂപതയുടെ ഫിനാൻസ് ഓഫീസറും, ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മെമ്പറുമായ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് ഉദ്ഘാടനം നിർവഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, എസ്.എസ്.വി.പി. ഇന്ത്യയുടെ നാഷണൽ പ്രസിഡന്റ് ബ്ര. എസ് ജൂഡ് എന്നിവർ സന്നിഹിതർ ആയിരുന്നു.



# നേത്രരോഗങ്ങൾ

## കാരണങ്ങളും പരിഹാരവും ആയുർവേദത്തിൽ

ആയുർവേദ ശാസ്ത്രമനുസരിച്ച് ജ്ഞാനേന്ദ്രിയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കണ്ണ്. ''സർവ്വേന്ദ്രിയാണാം നയനം പ്രധാനം'' എന്നാണ് ആചാര്യന്മാർ പറയുന്നത്. ശരീരത്തിൽ പിത്തദോഷത്തിന്റെ സ്ഥാനങ്ങളിൽ ഒന്നാണ് കണ്ണ്. പ്രധാനമായും ''ആലോചകപിത്തം'' ആണ് കാഴ്ചയ്ക്ക് സഹായിക്കുന്നത്.

### നേത്രരോഗങ്ങളുടെ പ്രധാന കാരണങ്ങൾ

ആയുർവേദപ്രകാരം നേത്രരോഗങ്ങൾ ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

**അമിതമായ ഉഷ്ണം :** വെയിൽ, തീ എന്നിവ ഏൽക്കുന്നത് കണ്ണിലെ പിത്തദോഷങ്ങളെ കോപിപ്പിക്കുന്നു.

**ആഹാരശീലങ്ങൾ :** അമിതമായ പുളി, എരിവ്, ഉപ്പ് എന്നിവയുടെ ഉപയോഗം

**ജീവിതശൈലി :** രാത്രിയിലുള്ള ഉറക്കമിളപ്പ്, പകലുറക്കം, കമ്പ്യൂട്ടർ/ മൊബൈൽ ഫോണുകളുടെ അമിത ഉപയോഗം

**മലിനീകരണം :** പൊടിപടലങ്ങളും പുകയും കണ്ണിൽ തട്ടുന്നത്.

**വൈകാരികഘടകങ്ങൾ :** അമിതമായ ദേഷ്യം, സങ്കടം, മാനസിക സമ്മർദ്ദം

**ശാരീരിക വേഗങ്ങളെ തടയൽ :** മലമൂത്ര വിസർജ്ജനം, തുമ്മൽ, കണ്ണുനീർ എന്നിവ നിർബന്ധപൂർവ്വം തടഞ്ഞുവെക്കുന്നത്.

## പ്രധാന നേത്രരോഗങ്ങൾ

ആയുർവേദത്തിൽ 76ഓളം നേത്രരോഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ.

1. **അഭിഷ്യന്ദം (Conjunctivitis) :** കണ്ണ് ചുവക്കുക, വേദന, വെള്ളം വരിക എന്നിവ ലക്ഷണങ്ങൾ
2. **തിമിരം (Cataract) :** കാഴ്ച മങ്ങുന്ന അവസ്ഥ
3. **ശുഷ്കാക്ഷി (Dry eye)** : കണ്ണ് വരണ്ടുപോകുന്ന അവസ്ഥ
4. **അധിമന്ഥം (Glucoma)** : കണ്ണിനുള്ളിലെ മർദ്ദം കൂടുന്നത് മൂലം ഉണ്ടാകുന്ന രോഗം

## ആയുർവേദ ചികിത്സാരീതികൾ

1. **അക്ഷിധാര** ഔഷധദ്രാവകങ്ങൾ കണ്ണിൽ ധാരയായി ഒഴിക്കുന്നത്



2. **ആശ്ച്യോതനം** മരുന്നുകൾ തുള്ളിമരുന്നായി കണ്ണിൽ ഒഴിക്കുന്നത്

3. **പിണ്ഡി** ഔഷധക്കൂട്ടുകൾ തുണിയിൽ പൊതിഞ്ഞ് കണ്ണിന് മുകളിൽ വെക്കുന്നത്

4. **തർപ്പണം** കണ്ണിന് ചുറ്റും ഉഴുന്നുമാവ് കൊണ്ട് തടമുണ്ടാക്കി അതിൽ ഔഷധഘൃതം കുറച്ചു നേരം നിർത്തുന്ന രീതി

5. **അഞ്ജനം** കണ്ണെഴുതുന്നത്

## പ്രതിരോധമാർഗ്ഗങ്ങളും ഭക്ഷണക്രമവും

രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് അത് വരാതെ നോക്കുന്നതാണ്.

1. **ത്രൈഫലചൂർണ്ണം:** രാത്രികിടക്കുന്നതിന് മുമ്പ് ത്രൈഫലചൂർണ്ണം തേനിലോ നെയ്യിലോ ചേർത്ത് കഴിക്കുന്നത് കണ്ണിന് വളരെ നല്ലതാണ്.
2. **പാദഭ്യംഗം :** പാദങ്ങളിൽ എണ്ണ തേച്ച് മസ്സാജ് ചെയ്യുന്നത് കാഴ്ചശക്തി കൂട്ടാൻ സഹായിക്കും (കണ്ണും പാദവും തമ്മിൽ നാഡീബന്ധമുണ്ടെന്നാണ് ആയുർവേദം പറയുന്നത്).
3. **ഭക്ഷണം :** പടവലങ്ങ, കാരറ്റ്, മുരിങ്ങയില, നെയ്യ്, പാൽ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
4. **കണ്ണുകൾ കഴുകുക :** പുറത്തുപോയി വന്നാൽ ശുദ്ധമായ തണുത്ത വെള്ളത്തിൽ കണ്ണ് കഴുകുന്നത് ശീലമാക്കുക.

## പ്രധാന ഔഷധങ്ങൾ

ആയുർവേദത്തിൽ നേത്രരോഗ ചികിത്സക്കായി ഉപയോഗിക്കുന്ന പ്രധാന ഔഷധങ്ങൾ ഇവയാണ്:

1. **ത്രിഫലഘൃതം** കണ്ണിൽ വരൾച്ച മാറ്റുന്നതിനും കാഴ്ച വ്യക്തമാക്കുന്നതിനും ഫല പ്രദമാണ്.

2. **പഥ്യാക്ഷധാത്ര്യാദി കഷായം** കണ്ണിനുണ്ടാകുന്ന ചുവപ്പ്, വീക്കം, അണുബാധ എന്നിവ കുറയ്ക്കാൻ ഉപയോഗിക്കുന്നു.



3. **ഇളനീർ കുഴമ്പ്** — തിമിരം, കണ്ണിന്റെ ചുവപ്പ്, അണുബാധ എന്നിവയ്ക്ക് വളരെ പ്രസിദ്ധമായ ഒരു ഔഷധം ആണിത്.

4. **സപ്താമൃത ലോഹം** — കണ്ണിന്റെ ഞരമ്പുകൾക്ക് ബലം നൽകാനും കാഴ്ചവൈകല്യങ്ങൾ പരിഹരിക്കാനും ഉപയോഗിക്കുന്ന ഗുളികയാണിത്.

ആധുനിക കാലഘട്ടത്തിലെ മാറുന്ന ജീവിതശൈലിയും ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗവും കണ്ണിന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. കൃത്യമായ ആയുർവേദ വിധി പ്രകാരമുള്ള ശുചിത്വശീലങ്ങളും ചികിത്സകളും പിന്തുടരുന്നതിലൂടെ കണ്ണിന്റെ ആരോഗ്യം ദീർഘകാലം നിലനിർത്താൻ സാധിക്കും.

**ഡോ. വിഷ്ണു മോഹൻ**
ജൂനിയർ ഡോക്ടർ
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
| Ms. Steffy Jose | Mr. Joshi Paul


“ പ്രലോഭനത്തിൽ
അകപ്പെടാതിരിക്കാൻ നിങ്ങൾ
ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ;
ആത്മാവു സന്നദ്ധമെങ്കിലും
ശരീരം ബലഹീനമാണ്. ”
(മത്തായി 26: 41)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE